**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2915** **28-02-2023 - ൽ മറുപടിയ്ക്ക്**

**വെൽ സെൻസസ് പദ്ധതിയുടെ പുരോഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ഡോ.കെ.ടി.ജലീൽ,<br>ശ്രീ ഐ ബി സതീഷ്,<br>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി,<br>ശ്രീ. കെ. പ്രേംകുമാർ** | | **ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് ഭൂജല സമ്പത്തിന്റെ വിവര ശേഖരണാർത്ഥം ഈ സർക്കാർ ആരംഭിച്ച വെൽ സെൻസസ് പദ്ധതിയുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | (എ) | സംസ്ഥാനത്തെ ഭൂജല സ്രോതസ്സുകളുടെ വിവര ശേഖരണം നടത്തുന്നതിന് നാഷണൽ ഹൈഡ്രോളജി പ്രൊജക്റ്റിന്റെ ഭാഗമായി ഭൂജലവകുപ്പ് വെൽ സെൻസസ് പദ്ധതി ആരംഭിച്ചിട്ടുണ്ട്. ഇതിന്റെ ഒന്നാം ഘട്ടം കേരളത്തിലെ 39 തിരഞ്ഞെടുത്ത ബ്ലോക്കുകളിൽ (ഭൂജല സ്രോതസ്സുകളിൽ കുറവ് രേഖപ്പെടുത്തിയവ) കുടുംബശ്രീ പ്രവർത്തകർ മുഖേന “നീരറിവ്” മൊബൈൽ ആപ്പിലൂടെ വിവരശേഖരണം ആരംഭിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത സെൻസസിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ വിശദമാക്കുമോ; | (ബി) | വെൽ സെൻസസ് പദ്ധതിയിലൂടെ സംസ്ഥാനത്തെ മുഴുവൻ ഭൂജല സ്രോതസ്സുകളുടെയും (തുറന്ന കിണർ, കുഴൽക്കിണർ, കുളങ്ങൾ, നീരുറവകൾ മുതലായവ) എണ്ണം രേഖപ്പെടുത്തുന്നതിനോടൊപ്പം അവയുടെ സ്ഥാനം, ഉടമസ്ഥത, ഉപയോഗ ലക്ഷ്യം (ഗാർഹിക / കുടിവെള്ള / കൃഷി / വ്യവസായം), ഉപയോഗിക്കുന്ന മോട്ടോർ – ന്റെ ഗുണ നിലവാരം, വരൾച്ച സാധ്യത എന്നീ വിവരങ്ങൾ കൂടി ശേഖരിച്ചു. ആയത് സംസ്ഥാനത്തെ വിവിധ പഠന ആവശ്യങ്ങൾക്കു ഉതകും വിധം KWRIS വഴി ലഭ്യമാക്കുക എന്നതാണ് ലക്ഷ്യമിടുന്നത്. |
| (സി) | ഭൂജല സമ്പത്തിന്റെ സുസ്ഥിര വികസനവുമായി ബന്ധപ്പെട്ട് നടപ്പാക്കി വരുന്ന പ്രവർത്തനങ്ങൾ അവലോകനം ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ? | (സി) | ഭൂജല സമ്പത്തിന്റെ സുസ്ഥിര വികസനവുമായി ബന്ധപ്പെട്ട് നടപ്പിലാക്കി വരുന്ന പ്രവർത്തനങ്ങൾ അവലോകനം ചെയ്തിട്ടുണ്ട്. സംസ്ഥാനത്തെ ഭൂജലവിഭവ സമ്പത്തിനെക്കുറിച്ച് സംസ്ഥാന ഭൂജലവകുപ്പും, കേന്ദ്ര ഭൂജലബോർഡും സംയുക്തമായി പഠനങ്ങൾ നടത്തി വരുന്നു. 2022 മാർച്ചിൽ പ്രസിദ്ധീകരിച്ച ഭൂജല വിഭവ മൂല്യനിർണ്ണയ റിപ്പോർട്ട് പ്രകാരം കേരള സംസ്ഥാനത്തെ ആകെ ഭൂജലസമ്പത്ത് 5.19 ബില്ല്യൺ ക്യുബിക് മീറ്റർ ആണ്. |

| | | | |
|---|---|---|---|
| | | | 2020 മാർച്ചിലെ പഠന റിപ്പോർട്ട് പ്രകാരം കേരള ഭൂജലസമ്പത്ത് 5.12 ബില്ല്യൺ ക്യൂബിക് മീറ്റർ ആയിരുന്നു. 2022 മാർച്ചിൽ പ്രസിദ്ധീകരിച്ച പുതിയ റിപ്പോർട്ട് പ്രകാരം 0.07 BCM – ന്റെ വർദ്ധനവ് രേഖപ്പെടുത്തിയിട്ടുണ്ട്<br><br>2017 മാർച്ചിലെ ഭൂജല വിഭവ മൂല്യനിർണ്ണയ റിപ്പോർട്ട് പ്രകാരം ഭൂജല ഉപഭോഗ തോതിൽ പാലക്കാട് ജില്ലയിലെ അമിത ചൂഷിത ബ്ലോക്കായിരുന്ന ചിറ്റൂരിനെ വിവിധ വകുപ്പുകളുടെ ഏകോപനത്തിലൂടെ കൃത്രിമ ഭൂജലസംപോഷണ മാർഗ്ഗങ്ങൾ നടപ്പിലാക്കുക വഴി ഗുരുതര വിഭാഗത്തിലേയ്ക്ക് കൊണ്ടുവരാൻ സാധിച്ചിട്ടുണ്ട്. കൂടാതെ കാസർഗോഡ് ജില്ലയിലെ അർദ്ധ ഗുരുതര വിഭാഗത്തിൽ ഉൾപ്പെട്ടിരുന്ന കാറഡുക്ക, കാഞ്ഞങ്ങാട് ബ്ലോക്കുകൾ മാർച്ച് 2022 – ലെ Groundwater Resource Estimation റിപ്പോർട്ട് പ്രകാരം സുരക്ഷിത വിഭാഗത്തിൽ ഉൾപ്പെട്ടിട്ടുണ്ട്.<br><br>ഭൂജലവകുപ്പ് ഉറന്ന കിണർ / കുഴൽക്കിണർ / മഴക്കുഴികൾ വഴിയുള്ള ഭൂജലസംപോഷണം, ചെറിയ തടയണകൾ, അടിയണകൾ, ചെറിയ കുളങ്ങളുടെ പുനരുജ്ജീവനം എന്നീ പ്രവർത്തനങ്ങൾ വകുപ്പിന്റെ പ്ലാൻ പദ്ധതിയായ ‘ഭൂജലസംരക്ഷണവും സംപോഷണവും’ മുഖേന നടപ്പിലാക്കി വരുന്നു.<br><br>കൂടാതെ കേന്ദ്ര സർക്കാർ ആവിഷ്കരിച്ച ജലസംരക്ഷണ പ്രവർത്തനങ്ങളുടെ ഭാഗമായി നടപ്പിലാക്കി വരുന്ന ‘ജൽ ശക്തി അഭിയാൻ’ – Catch the rain programme – 2022 – ന്റെ ഭാഗമായി വിവിധ വകുപ്പുകളുടെ ഏകോപനത്തിലൂടെ തനത് ഫണ്ട് ഉപയോഗപ്പെടുത്തി വിവിധ ജലസംരക്ഷണ പ്രവർത്തനങ്ങൾ സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ